## പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 5910 — 08.07. 2013 -ൽ മറുപടിയ്ക്ക്

### നഗരങ്ങൾക്ക് വ്യക്തമായ മാസ്റ്റർ പ്ലാൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി. സി. ജോർജ്<br>ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ | | ശ്രീ. മഞ്ഞളാംകുഴി അലി<br>നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി |
| (എ) | സംസ്ഥാനത്തെ നഗരങ്ങൾക്ക് വ്യക്തമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന കാര്യത്തിൽ നയം വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്തെ നഗരപ്രദേശങ്ങളുടെ ആസൂത്രിത വികസനം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ എല്ലാ നഗരങ്ങൾക്കും സമയബന്ധിതമായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിനായി ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. |
| (ബി) | നഗരങ്ങൾ കേന്ദ്രീകരിച്ചുള്ള വികസന പ്രവർത്തനങ്ങളും നിർമ്മാണ പ്രവൃത്തികളും വർദ്ധിച്ചു വരുന്നത് കണക്കിലെടുത്ത് ദീർഘവീക്ഷണമുള്ളതും കുറ്റമറ്റതുമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ? | (ബി) | സംസ്ഥാനത്തെ നഗരങ്ങൾക്ക് ദീർഘവീക്ഷണമുള്ളതും സമഗ്രവുമായ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ